## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52 | 06.03.2012ൽ മറുപടിയ്ക്ക് |
|---|---|
| ഗാർഹികപീഡനനിയമം നീതിയുക്തമാക്കുന്നതിനു നടപടി | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**<br>**„ എം.പി. അബ്ദുസ്സമദ് സമദാനി**<br>**„ അബ്ദുറഹിമാൻ രണ്ടത്താണി**<br>**„ എൻ. ഷംസുദ്ദീൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) ഗാർഹികപീഡനനിയമത്തിലും അതിന്റെ നടപ്പാക്കലിലും അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും) ഗാർഹിക പീഡന നിയമത്തിലും അതിന്റെ നടപ്പാക്കലിലും അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന ആവലാതികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റും, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡും, കേരള വനിതാ കമ്മീഷനും, ആഭ്യന്തരവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിൽ നടപടികളെന്തെങ്കിലും സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ; | |

| | |
|---|---|
| (സി) സ്ത്രീകൾക്കു സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി ജീവനാംശം അനുവദിക്കുമ്പോൾ പുരുഷന്റെ വരുമാനം കണക്കിലെടുക്കാതിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാര നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഗാർഹികപീഡനം സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നു വിശദമാക്കുമോ; | (ഡി) ഗാർഹിക പീഡനം സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷൻ, സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ, പ്രൊട്ടക്ഷൻ ഓഫീസറുടെ കാര്യാലയങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ നൽകാമെങ്കിലും അന്വേഷണം നടത്തുന്നത് പ്രൊട്ടക്ഷൻ ഓഫീസറാണ്. പ്രൊബേഷൻഓഫീസറുടെ ജില്ലാതലത്തിലുള്ള കാര്യാലയങ്ങളുമായി ബന്ധപ്പെട്ടാണ് പ്രൊട്ടക്ഷൻ ഓഫീസുകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്.പരാതിക്കാരി പ്രൊട്ടക്ഷൻ ഓഫീസറെ സമീപിക്കുന്ന മുറയ്ക്ക് ഗൃഹത്തിനകത്തു നടന്ന പീഡനത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് (ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട്) തയ്യാറാക്കുകയും പ്രസ്തുത റിപ്പോർട്ട് അധികാരമുള്ള ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റിന് സമർപ്പിക്കുകയും മജിസ്ട്രേറ്റ് എതിർകക്ഷികൾക്ക് സമൻസ് അയയ്ക്കുകയും തുടർനടപടികൾ കൈകൊള്ളുകയും ചെയ്യുന്നു. പരാതിക്കാർക്ക് സഹായവും സാന്ത്വനവും നൽകാൻ |

| | |
|---|---|
| | സ്ത്രീകളെ പാർപ്പിക്കുന്നതിന് ഷെൽട്ടർ ഹോമുകളുമുണ്ട് |
| ഇ) ഈ സംവിധാനം കൂടുതൽ കാര്യക്ഷമവും നീതിയുക്തവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) ഗാർഹിക പീഡന നിരോധന നിയമം കൂടുതൽ കാര്യക്ഷമവും നീതിയുക്തവുമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ